**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2372 12.02.2020 ലെ മറുപടിക്ക്

## കയർ മേഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്തെ കയർ മേഖല അതീവ ഗുരുതരമായ പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയല്ലേ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | എ) കയർ മേഖല നേരിട്ടുവന്ന അതീവ ഗുരുതരമായ പ്രതിസന്ധിയിൽനിന്നും സാവധാനവും സുസ്ഥിരവുമായ പുരോഗതി കൈവരിക്കുകയാണ്. ചകിരി ഉൽപ്പാദനം ഈ സർക്കാരിന്റെ കാലത്ത് 376% വർദ്ധിച്ചു. കയർ ഉത്പാദനം 78820.40 ക്വിന്റലിൽ നിന്നും 157767.52 ക്വിന്റലായി ഉയർന്നു. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ നടത്തുന്ന കയർ ഉൽപ്പന്ന സംഭരണത്തിൽ 56% വർദ്ധനവ് കൈവരിച്ചു.<br>ചകിരിയുടെ ക്ഷാമമാണ് കയർപിരിമേഖല നേരിടുന്ന പ്രധാന വെല്ലുവിളി. കയർപിരി മേഖലയും ഉൽപ്പന്ന മേഖലയും നേരിടുന്ന പ്രശ്നങ്ങൾ അപ്പപ്പോൾ കണ്ടെത്തി പരിഹരിച്ചു വരുന്നുണ്ട്.ചകിരി ക്ഷാമം പരിഹരിക്കുന്നതിന് ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് നടപടി സ്വീകരിച്ചുവരികയാണ്.<br>കയർ മേഖലയിൽ നടപ്പാക്കുന്ന രണ്ടാം പുനഃസംഘടനാ സ്കീം പ്രകാരം ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെൻററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, ആഗ്രോ സർവ്വീസ് സെൻററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായി യന്ത്രവത്ക്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർമേഖലയെ സ്വയം |

| | |
|---|---|
| | പര്യാപ്തമാക്കുന്നതിനും രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു.കയർ സഹകരണ സംഘങ്ങൾ, കുടുംബശ്രീ, സി.ഡി.എസ്., തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, നാളികേര ഉൽപ്പാദക കമ്പനികൾ എന്നിവയ്ക്ക് 90% സബ്സിഡിയോടെയും സ്വകാര്യ സംരംഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ്. മിൽ അനുവദിക്കുന്നതിനായി സർക്കാർ ഉത്തരവായിട്ടുണ്ട്.<br>കയർ സഹകരണ സംഘങ്ങൾക്ക് പുറമേ, ചകിരി ഉല്പാദിപ്പിക്കുന്നതിന് പുതുതായി ആരംഭിക്കുന്ന സ്വകാര്യ യൂണിറ്റുകൾക്ക് നിലവിൽ സ്വകാര്യ സംരഭകർ / ഇതര ഏജൻസികൾ എന്നിവയ്ക്ക് 50% സബ്സിഡിയോടെയും ഡി.എഫ് മില്ലുകൾ അനുവദിക്കുന്നതിനായി ഉത്തരവായിട്ടുണ്ട്.<br>സർക്കാരിന്റെ ഇത്തരം ഇടപെടലിന്റെ ഫലമായി ചകിരി ഉൽപ്പാദനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് 44% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.2015-16 ൽ കയർഫെഡ് സംസ്ഥാനത്തിനകത്തു നിന്നോ, പുറത്തുനിന്നോ ചകിരി സംഭരിച്ച് കയർ സംഘങ്ങൾക്ക് നൽകിയിരുന്നില്ല. എന്നാൽ 2016-17 മുതൽ കയർഫെഡ് കേരളത്തിലെ ഡി.എഫ്. മില്ലുകളിൽ നിന്ന് ചകിരി സംഭരിച്ച് സംഘങ്ങൾക്ക് നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| വർഷം | ചകിരി വില (ലക്ഷത്തിൽ) | |
|---|---|---|
| 2015-16 | ഇല്ല | 2019-20 ജനുവരി 31 വരെ 19909.27 കി.ചകിരി സംസ്ഥാനത്തെ ഡി.എഫ് മില്ലുകളിൽ നിന്ന് കയർഫെഡ് സംഭരിച്ച് സംഘങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇത് കയർഫെഡ് ആകെ സംഭരിച്ച ചകിരിയുടെ 45.76% മാണ് |
| 2016-17 | 50.94 | |
| 2017-18 | 78.14 | |
| 2018-19 | 284.02 | |

13-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 500 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതോടുകൂടി ചകിരി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ സാധിക്കുന്നതാണ്.എ.എസ്.എം-കൾ സ്ഥാപിച്ച് തുടങ്ങുന്നതിന് മുമ്പായി നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടും 6056 ഇലക്ട്രോണിക്

റാട്ടുകൾ നല്കിക്കൊണ്ടും കയർ ഉൽപാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു.

| വർഷം | കയർ ഉൽപ്പാദനം (ക്വിന്റലിൽ) |
|---|---|
| 2015-16 | 78820.40 |
| 2018-19 | 157767.52 |
| 2019-20 ഡിസംബർ വരെ | 144263.24 |

2017-18, 2018-19 സാമ്പത്തിക വർഷത്തിൽ 5608011 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രം കയർഫെഡ്, കയർ കോർപ്പറേഷൻ, ഫോമിൽ തുടങ്ങിയ കയർ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഇതുവഴി കയർപിരി മേഖലയിലും, കയർ ഉല്പന്ന മേഖലയിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കയർ കേരള 2019 ൽ 103 കോടി രൂപയുടെ കയർഭൂവസ്ത്ര ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. ആയതിന്റെ ഫലമായി കയർരംഗത്ത് തൊഴിലും കൂലിയും ഉറപ്പാക്കി സുസ്ഥിരമായി നിലനിർത്തുന്നതിന് സാധിക്കുന്നതാണ്.

കയർതൊഴിലാളികളുടെ ജീവനോപാധി എന്നനിലയിൽ തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ടതരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതി പ്രകാരം പ്രവർത്തനമൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകി വരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എംഡിഎ) നൽകി വരുന്നു.
4.പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ കയർ സഹകരണ സംഘങ്ങൾക്ക് 90% സബ്സിഡി ഡി.എഫ്. മില്ലുകൾക്ക് 25 ലക്ഷം രൂപ വരെ നൽകി വരുന്നു.

| | |
|---|---|
| | 5. കയർ വ്യവസായത്തിൽ യന്ത്രവൽക്കരണം നടപ്പിലാക്കുന്നു.<br>6. ഉൽപ്പാദനവും വിപണന പ്രചോദനവും (പിഎംഐ) പദ്ധതിയിലൂടെ ആനുകൂല്യം നൽകി വരുന്നു.<br>7. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.<br>8. കയർമേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കി വരുന്നു.<br>9. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.<br>10. കയർ ജിയോ ടെക്സ്റ്റയിൽസ് പദ്ധതി നടപ്പിലാക്കി വരുന്നു.<br>11. കയർപിരി മേഖലയിൽ കൂലിയുടെ ഒരു വിഹിതം സർക്കാർ തന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br>12. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br>13. വിരമിച്ച കയർ സഹകരണ സംഘം ജീവനക്കാർക്ക് പെൻഷൻ പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.<br>14. യന്ത്രവത്ക്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതി വഴി സർക്കാർ സഹായം നൽകി വരുന്നുണ്ട്.<br>15. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിലുടനീളമുള്ള സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി.<br>16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കി വരുന്നു. |
| ബി) പ്രതിസന്ധി മറികടക്കുവാൻ പൊതുമേഖലാ സ്ഥാപനമായ കയർ കോർപ്പറേഷൻ റിയലൻസുമായി സഹകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഏതൊക്കെ മേഖലകളിലെന്ന് അറിയിക്കാമോ; | ബി) പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ റിലയൻസിന്റെ വ്യാപാര ശൃംഖലകൾ വഴി ഉല്പന്നങ്ങൾ വിൽപ്പന നടത്തുന്നതിനുള്ള വ്യാപാര കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.കൂടാതെ ഇത്തരത്തിലുള്ള മറ്റ് വ്യാപാര ശൃംഖലകളുള്ള ഏജൻസികളുമായും വ്യാപാര കരാറുകളിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ നടപടികൾ വ്യാപാര സാധ്യത വികസിപ്പിക്കുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. |

| | |
|---|---|
| സി) 2007 ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം നൽകാമെന്ന കരാറിൽ ഒപ്പുവച്ചിരുന്നോയെന്ന് അറിയിക്കാമോ; | സി) 2007 ലെ കയർ കേരളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി 100 കോടി രൂപയുടെ കയർ ഭൂവസ്ത്രം നൽകാമെന്ന കരാറിൽ ഒപ്പ് വച്ചിരുന്നില്ല.എന്നാൽ കയർ കേരള 2017 ൽ വച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതി ധാരണാപത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ഒപ്പുവച്ചിട്ടുണ്ട്. |
| ഡി) പ്രസ്തുത ധാരണ പ്രകാരം കയർ ഭൂവസ്ത്രം നൽകുവാൻ സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ? | ഡി) 2007-ൽ ധാരണാപത്രം ഒപ്പുവയ്ക്കാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് കയർ ഭൂവസ്ത്രം നല്കുന്ന നടപടികൾ ഉണ്ടായിട്ടില്ല. 2017 ൽ ഒപ്പുവച്ച ധാരണാപത്രം പ്രകാരം ലഭിച്ച ഓഡറുകളിൽ നിന്ന് കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോം മാറ്റിംഗ്സ് (ഇന്ത്യ) എന്നിവയിലൂടെ 43 കോടി രൂപയുടെ കയർ ഭൂവസ്ത്രം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഓഡറുകൾ ഈ ഏജൻസികൾക്ക് ലഭിക്കുന്ന മുറയ്ക്ക് മാത്രമാണ് കയർ ഭൂവസ്ത്രം നൽകുന്നതിന് സാധിക്കുന്നത്. കയർ ഭൂവസ്ത്ര പദ്ധതി ആവിഷ്കരിച്ചതിലൂടെ മുൻകാലങ്ങളിലുൾപ്പെടെ കയർഫെഡ് വഴി സർക്കാർ സംഭരിച്ചിരുന്ന കയർ മുഴുവനും വിറ്റഴിക്കുന്നതിന് സാധിച്ചിട്ടുണ്ട്.<br><br>2015-16- ൽ 78820.40 ക്വി.കയർ ഉല്പാദിപ്പിച്ചിരുന്ന സമയത്താണ് 2017 ലെ കയർ കേരളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പിട്ടത്. പരമ്പരാഗത റാട്ടുകളിലും ഇ-റാട്ടുകളിലും ദിവസേന ഉല്പാദിപ്പിക്കാൻ കഴിയുന്ന കയറിന്റെ അളവ് 15 കിലോ മാത്രമാണ്. എന്നാൽ ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകളിൽ 50 കിലോ മുതൽ 70 കിലോ വരെ കയർ ഒരു ദിവസം ഉല്പാദിപ്പിക്കുവാൻ സാധിക്കും. ആയതിനാൽ കൂടുതൽ ഇലക്ട്രോണിക് റാട്ടുകൾ പരമ്പരാഗത തൊഴിലാളികൾക്കായി വിതരണം ചെയ്തും എ.എസ്.എം. കൾ സ്ഥാപിച്ചും കയർ ഉൽപാദനം വർദ്ധിപ്പിച്ച് ലഭിക്കുന്ന ഭൂവസ്ത്ര ഓർഡറുകൾ പൂർണ്ണമായും നൽകുന്നതിന് പരിശ്രമിച്ചിട്ടുണ്ട്. കൂടാതെ മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 2018 മാർച്ച് മാസത്തോടെയാണ് |

| | |
|---|---|
| | ധാരണപ്രകാരമുള്ള ഓർഡറുകൾ ലഭിച്ചത്. 2018 മാർച്ചിനു ശേഷവും കയർ ഭൂവസ്ത്രം 2018-19, 2019-20 വർഷങ്ങളിലായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തുടർന്നും നൽകി വരികയാണ്. |

സെക്ഷൻ ഓഫീസർ